കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-8 /1976/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി : 17.11.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഓച്ചിറ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്- 2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ

ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-8 /1976/2017 തീയതി:17.11.2017

## കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 15.02.2016 മുതൽ 30.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗ്ഗീസ് ജോസഫ് , സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.10.2017 മുതൽ 31.10 .2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി. ബിജി വർഗ്ഗീസ് , ഓഡിറ്റ് ഓഫീസർ<br>ശ്രീ. ലാലു ആർ , അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുനിത സെബാസ്റ്റ്യൻ ഓഡിറ്റർ |

ബി) നിർവ്വണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷെർലി ശ്രീകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.അശ്വനികുമാർ. റ്റി | 01.04.2016 മുതൽ 21.06.2016 F.N വരെ |
| | ശ്രീ.വിക്രമൻ ആശാരി | 21.06.2016 മുതൽ 28.07.2016 F.Nവരെ |
| | ശ്രീ.ആർ അജയകുമാർ | 28.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ കമ്മ്യൂണി ഹെൽത്ത് സെന്റർ | ഡോ. നീതു ജലീൽ | 01.04.2016 മുതൽ 12.07.2016 വരെ |
| | ഡോ. പ്രദീപ്കുമാർ | 12.07.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ജോൺ മാത്യു | 01.04.2016 മുതൽ 29.07.2016 വരെ |
| | ശ്രീ.ജോൺ നൈനാൻ.സി | 30.07.2016 മുതൽ 31.03.2017 വരെ |
| ശിശു വികസന ഓഫീസർ | ശ്രീമതി.നസീറാബീവി.ബി | 01.04.2016 മുതൽ 14.07.2016 വരെ |
| | ശ്രീമതി.അംബികാദേവി.എൽ | 14.07.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ. ബീന | 01.04.2016 മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.റോഷ്ന അലികുഞ്ഞ് | 01.04.2016 മുതൽ 07.03.2017 വരെ |
| | ശ്രീ.മനു വിശ്വനാഥ് | 08.03.2017 മുതൽ 31.03.2017 വരെ |
| അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ | ശ്രീമതി.സജിത | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഷാജി എം. എ | 01.04.2016 മുതൽ 08.08.2016 വരെ |
| | ശ്രീ.എസ് കൃഷ്ണകുമാർ | 08.08.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റൻന്റ് ഡയറക്ടർ (കൃഷി ) | ശ്രീമതി.ബി. ശ്രീകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വാടക കുടിശ്ശിക - 45,000/-രൂപ | 2-1 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല | |
| 13 | ഇ – ടെൻഡറിംഗ് – ടെൻഡർ ഫോം വില തിരികെ ഈടാക്കിയിട്ടില്ല | 2-2 |
| | ഭാഗം 3 | |
| 14 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>13,500/- രൂപ നിരാകരിക്കുന്നു | 3-1 |
| 15 | ഡയറി യൂണിറ്റ് - വനിതാ ഗ്രൂപ്പുകൾക്ക് - പദ്ധതി നടത്തിപ്പിലെ അപാകതകൾ - 15,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 17 | പാലിന് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല<br>20,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 18. | സമഗ്ര ക്ഷീര വികസനം - വനിതാ ക്ഷീര കർഷകർക്ക് ഒരു പശുവിനെ കൂടി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ 2,55,000/- രൂപ തടസ്സം ചെയ്യുന്നു | 3-5 |

| | | |
|---|---|---|
| | | |
| 19 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ – പദ്ധതികൾ നടപ്പാക്കാത്തതു സംബന്ധിച്ച് | 3-6 |
| 20 | സെക്രട്ടറി നിർഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-7 |
| 21 | മരുന്ന് ലഭ്യമാക്കിയില്ല – 1,52,480/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 22 | എൻ ആർ ഇ ജി എസ് – മരാമത്ത് പ്രവൃത്തികൾ – നികുതി ഈടാക്കിയതിൽ കുറവ് | 3-9 |
| 23 | വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുകകൾ വിനിയോഗിക്കാതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം 2,08,01,254/- രൂപ നഷ്ടപ്പെട്ടു | 3-10 |
| | ഭാഗം 4 | |
| 24 | സംയുക്തപ്രോജക്ട്കൾക്ക് ലഭിച്ചഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൽ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമഹ്രത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | അനുബന്ധം 1 - ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 23.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.03.2017 | 31.03.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | | |
| 2016 - 2017 | 30.10.2017 | സർട്ടിഫിക്കേറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

| ന്യൂനതകളുടെ സംഗ്രഹം | |
|---|---|
| 1 | ഡിപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിപ്പോസിറ്റ്<br>ബാലൻസിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. |
| 2 | എ. ഇ .ഇ .യുടെ ബിൽ ബുക്ക് പ്രകാരം തൻവർഷം 12,71,175/- രൂപ പാർട്ട്ബിൽ നല്കിയിട്ടുണ്ട്. എന്നാൽ ക്യാപ്പിറ്റൽ വർക്ക്ഇൻ പ്രോഗ്രസ്സ് ആയി 11,59,659/-രൂപയാണ് വാർഷികകണക്കിൽ കാണിച്ചിട്ടുള്ളത്. |
| 3 | ബാലൻസ്ഷീറ്റിൽ ലയബിലിറ്റി ആയി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യതപരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷികകണക്കിലെ വരവ് – ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. |
| 4 | സെക്യൂർഡ് ലോൺ ഇനത്തിൽ 67,455/- രൂപയാണ് ലയബിലിറ്റിയായി കാണിച്ചിട്ടുള്ളത്. പക്ഷെ ലോൺ കണക്കുകൾ പ്രകാരം കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നില്ക്കുന്ന തുക- 1,54,63,832/- . ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 5 | ഐ. എ. വൈ- ജില്ലാപഞ്ചായത്ത് അക്കൗണ്ടിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ്- 2,32,47,369/-രൂപയാണ് എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് – 2,22,36,440/-രൂപയാണ്. 10,10,929/- രൂപയുടെ വ്യത്യാസം |

വിശദീകരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 6,98,72,982 |
| വരവ് | 5,37,667,06 |
| ആകെ | 12,36,39,688 |
| ചെലവ് | 8,36,70,136 |
| നീക്കിയിരിപ്പ് | 3,99,69,552 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15577781 | 15577781 | 15577781 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7345854 | 7345854 | 7345854 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4066230 | 4066230 | 4066230 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 86 | 76666867 | 42 | 27859665 | 10 | 34 | 49 |

| | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ |
|---|---|
| 1 | തൊടിയൂർ പഞ്ചായത്തിലെ ശബോളി കോളനി ഓട നിർമ്മാണം |
| 2 | ബ്ലോക്ക് പരിധിയിലുള്ള കാവുകളുടേയും കുളങ്ങളുടേയും സംരക്ഷണ തുക നൽകൽ |
| 3 | ആലപ്പാട് സി .എച്ച് .സി ക്ക് വാഹനം വാങ്ങുന്നതിന് ബ്ലോക്ക് വിഹിതം |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2017 ഉച്ചക്ക് 2.30 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38,392/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2016 | 2015-2016 | 30.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.04.2016 | 2012-2013 മുതൽ 2015-2016 വരെ | 22.04.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക കുടിശ്ശിക -45,000/- രൂപ ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മുറികളുടെ വാടക യഥാസമയം ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാടകയ്ക്കെടുത്ത വ്യക്തി | റൂം നമ്പർ | കുടിശ്ശിക കാലാവധി | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | ശ്രീ.ഉണ്ണികൃഷ്ണൻ, പുത്തൻ കോട്ടക്കൽ, ചെറിയഴീക്കൽ | 517(I) | 4/16 - 3/17 | 15,000 (12x1250) |
| 2 | ശ്രീ. ഷിബുകുമാർ, ലക്ഷ്മി വിലാസം, | 517(G) | 4/16 - 3/17 | 15,000 (12x1250) |

| | | | | |
|---|---|---|---|---|
| | കടപ്പാക്കട<br>കൊല്ലം | | | |
| 3 | ശ്രീ.ഷിബുകുമാർ,<br>ലക്ഷ്മി വിലാസം,<br>കടപ്പാക്കട<br>കൊല്ലം | 517(H) | 4/16 - 3/17 | 15,000<br>(12x1250) |
| ആകെ | | | | 45,000/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക്(നം.4,30.10.2017) വാടക ഈടാക്കുന്നതിനും അവരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭിച്ചു. ടി വ്യക്തികളിൽ നിന്ന് പിഴ സഹിതം കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**2-2** <u>ഇ- ടെൻഡറിംഗ് -ടെൻഡർ ഫോംവില തിരികെ ഈടാക്കിയിട്ടില്ല</u>

തൻവർഷം 20 മരാമത്തുപ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോറവില എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ 1,83,300/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്തപക്ഷം ടി തുക ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ ടി തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1** <u>ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ **13,500/-** നിരാകരിക്കുന്നു</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോ.നം 50/17 പ്രകാരം നടപ്പിലാക്കിയ 'ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ' എന്ന പദ്ധതി പ്രകാരം 1,21,970/- രൂപ (ബിൽ നം 41/16-17/ 31.03.2017) ചെലവിൽ സൗണ്ട് സിസ്റ്റം മൽസരാധിഷ്ഠിത ടെണ്ടറില്ലൂടെ സൗണ്ട് മാക്സ് ,കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ ബിൽ പരിശോധിച്ചതിൽ 13500/- രൂപ സിസ്റ്റം സർവ്വീസ് ചാർജിനത്തിൽ ഈടാക്കിയിരിക്കുന്ന .വാങ്ങിയ ഉപകരണങ്ങൾക്ക് (ahuja) കമ്പനി തന്നെ 15 മാസത്തെ വാറണ്ടി നൽകുന്ന സാഹചര്യത്തിൽ (12 months free replacement + 3 months free service at dealer's premise) ഈയിനത്തിൽ ചെലവഴിച്ച 13500/- രൂപ പാഴ് ചെലവായി ഓഡിറ്റ് കാണുന്നു. മേൽ വിഷയം സംബന്ധിച്ച് 30.10.2017ൽ ഓഡിറ്റ് എൻക്വയറി നം. 11 നൽകിയതിന് 13500/- രൂപ ഇലക്ട്രിക്കൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്യുതിനുള്ള ലേബർ ചാർജാണെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ലേബർ ചാർജ് ഇനത്തിൽ ബിൽ പ്രകാരം 6500/- രൂപ ഈടാക്കി കാണുന്നു.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 13500/-രൂപ നിരാകരിക്കുന്നു.

## 3-2 <u>ഡയറി യൂണിറ്റ് - വനിതാ ഗ്രൂപ്പുകൾക്ക് - പദ്ധതി നടത്തിപ്പിലെ അപാകതകൾ -1500000/-രൂപ തടസ്സപ്പെടുത്തുന്നു</u>

പ്രോ.നം 75/17 ഡയറി യൂണിറ്റ് - വനിതാ ഗ്രൂപ്പുകൾക്ക് എന്ന പദ്ധതി പ്രകാരം 10 അംഗങ്ങൾ വീതമുള്ള വനിതാ ഗ്രൂപ്പുകൾക്ക് 1,50,000/- രൂപ സബ്സിഡിയും 1,50,000/- രൂപ ബാങ്ക് വായ്പ്പയും അടക്കം 3 ലക്ഷം രൂപയ്ക്ക് 10 പശുക്കളെ വാങ്ങി ഡയറി യൂണിറ്റുകൾ തുടങ്ങാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വനിതാ ഗ്രൂപ്പുകൾക്ക് സബ്സിഡി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട് .

| ഗ്രൂപ്പിന്റെ പേര് | തുക | തുക നിക്ഷേപിച്ച ബാങ്ക് | ബിൽ നം/തീയതി |
|---|---|---|---|
| സുനന്ദിനി ക്ഷീരാമൃതം | 150000/- | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, | 05/16-17/ 31.03.2017 |

| | | | |
|---|---|---|---|
| തൊടിയൂർ | | കരുനാഗപ്പള്ളി | |
| വനിതാ ഗ്രൂപ്പ് , ഓച്ചിറ | 150000/- | കാനറ ബാങ്ക് , ഓച്ചിറ | 06/16-17 /31.03.2017 |
| ഐശ്വര്യ ഗ്രൂപ്പ് , ഓച്ചിറ | 150000/- | | |
| ബിസ്മി , തഴവ | 150000/- | തഴവാ സർവ്വീസ് സഹകരണ ബാങ്ക് | 08/16-17/ 31.03.2017 |
| മർഹബ കുടുംബശ്രീ യൂണിറ്റ് | 150000/- | കുലശേഖരപുരം സർവ്വീസ് സഹകരണ ബാങ്ക് | 14/16-17/ 31.03.2017 |
| മയൂഖം എസ്. എച്ച് .ജി | 150000/- | | |
| വൈഷ്ണവി യൂണിറ്റ് | 150000/- | കേരള ഗ്രാമീൺ ബാങ്ക് കരുനാഗപ്പള്ളി | 10/16-17/ 31.03.2017 |
| പ്രിയദർശിനി എസ്.എച്ച് .ജി | 150000/- | കുലശേഖരപുരം സർവ്വീസ് സഹകരണ ബാങ്ക് | 11/16-17/ 31.03.2017 |
| ആകെ | 15,00,000/- | | |

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾക്ക് ബാങ്ക് ലോൺ അനുവദിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചല്ല പശുക്കളെ വാങ്ങിയിരിക്കുന്നത്.

3.സുനന്ദിനി ക്ഷീരാമൃതം, തൊടിയൂർ എന്ന ഗ്രൂപ്പ് പശുക്കളെ വാങ്ങിയതായ രേഖകളില്ല.

4.ഉരുക്കളെ കുറഞ്ഞത് 3 വർഷം വളർത്താമെന്ന് കരാർ വെച്ചിട്ടില്ല.

5.പശുക്കളെ ഇൻഷുർ ചെയ്ത രേഖകളില്ല.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (07/17/ തീയതി 30.10.2017) മറുപടി ഹാജരാക്കിയിട്ടില്ല . രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 15,00,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോ.നം 61/17 പ്രകാരം നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 14 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം അഡ്വാൻസ് ഇനത്തിൽ താഴെ പറയുന്ന ബിൽ പ്രകാരം നൽകിയിട്ടുണ്ട് .

| ബിൽ നം / തീയതി | തുക |
|---|---|
| 17/16-17/23.03.17 | 1,00,000 |
| 19/16-17/27.03.17 | 3,00,000 |
| 22/16-17/31.03.17 | 2,00,000 |
| 24/16-17/31.03.17 | 50,000 |
| 25/16-17/31.03.17 | 50,000 |

| | |
|---|---|
| | |
| ആകെ | 7,00,000 |

എന്നാൽ പണി പൂർത്തിയാക്കി ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1) വ്യക്തിഗത ആനുകൂല്യങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് നൽകുവാൻ വ്യവസ്ഥയില്ലാത്തതിനാൽ 7,00,000/- രൂപ ചെലവഴിച്ചതിന് വിശദീകരണം ഹാജരാക്കേണ്ടതാണ്.

2) ജി. ഒ (ആർ ടി ) 626 /17 / തസ്വഭവ /തീയതി 15.02.2016 പ്രകാരം പഠനമുറിക്ക് കുറഞ്ഞത് 120 ചതുരശ്ര അടി വലിപ്പം ഉണ്ടായിരിക്കണം. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രസ്തുത പരിധി പാലിച്ചിട്ടില്ല .

ശ്രീമതി .ആരാധന, അർച്ചന ഭവനം , ആലുംപീടിക

ശ്രീ. രവി , പുതുവൽ , അഴീക്കൽ

ശ്രീ. പ്രശാന്തൻ , പ്ലാമുട്ടിൽ , അഴീക്കൽ

3) ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി .ആര്യ ലക്ഷ്മി , ഇരുൽ ഭവനം , തൊടിയൂർ, ശ്രീ സന്തോഷ് കുമാർ , വാലേൽ വീട് , തൊടിയൂർ എന്നീ ഗുണഭോക്താക്കൾ വാല്യുവേഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടില്ല .

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/ 30.10.2017) വാല്യുവേഷൻ സർട്ടിഫിക്കേറ്റിൽ ഒരു ലക്ഷം രൂപയിലധികം ചെലവ് വന്നതിനാലാണ് തുക നൽകിയതെന്നും ഹാജരാക്കാത്ത വാല്യുവേഷൻ സർട്ടിഫിക്കേറ്റുകൾ ഉടൻ ഹാജരാക്കാമെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട് .

## 3-4 <u>പാലിന് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല</u> <u>**20,00,000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോസസ്ഥനായി പ്രോ.നം. 35/17 പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഓച്ചിറ , തഴവ, തൊടിയൂർ , കുലശേഖരപുരം, ക്ലാപ്പന എന്നി ഗ്രാമപഞ്ചായത്തുകളിലെ 25ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന

ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി 3/-രൂപ നിരക്കിൽ സബ്സിഡി നൽകുവാൻ വിഭാവനം ചെയ്യുന്നു. ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തുക നൽകിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക | ബിൽ നം / തീയതി |
|---|---|---|
| കുലശേഖരപുരം | 5,00,000 | 01/16 – 17/ 21.03.2017 |
| തഴവ | 4,00,000 | 02/16 – 17/ 21.03.2017 |
| തൊടിയൂർ | 4,00,000 | 03/16 – 17/ 21.03.17 |
| ക്ലാപ്പന | 2,00,000 | 03/16 – 17/ 21.03.17 |
| ഓച്ചിറ ക്ഷീരോല്പാദക സഹകരണ സംഘം | 3,50,577 | 07/16 – 17/ 31.03.2017 |
| മഠത്തിൽകാരാഴ്മ സഹകരണ സംഘം | 1,49,423 | 07/16 – 17/ 31.03.2017 |
| ആകെ | 20,00,000 | |

പദ്ധതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന

അപാകതകൽ കാണുന്നു.

1. ഓച്ചിറ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഓച്ചിറ ക്ഷീരോത്പ്പാദക സഹകരണ സംഘം, മഠത്തിൽകാരാഴ്മ സഹകരണ സംഘം എന്നീ സംഘങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് തുക നേരിട്ടു നൽകിയിരിക്കുന്നു .

2.തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 14/31.10.17 ) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 20,00,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 <u>സമഗ്ര ക്ഷീര വികസനം - വനിതാ ക്ഷീര കർഷകർക്ക് ഒരു പശുവിനെ കൂടി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ **2,55,000/-** രൂപ തടസ്സം ചെയ്യുന്നു</u>

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോ. നം. 78/17പ്രകാരം നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം നിലവിലെ ക്ഷീര കർഷകർക്ക് ബാങ്ക് ലോൺ സഹായത്തോടെ ഒരു പശുവിനെ കൂടി വാങ്ങുവാൻ ധനസഹായം നൽകുവാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് .

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക ഒടുക്കിയ ബാങ്ക് | ബിൽ /നം തീയതി |
|---|---|---|---|
| ഷബാനത്ത് ,<br>ചാലയിൽ<br>പുത്തൻ വീട് ,<br>ആല്യംപീടിക | 15000 | എസ് ബി റ്റി ,<br>ക്ലാപ്പന | 16/16 -17<br>31.03.17 |
| ശ്യാമള , | 15000 | കുലശേഖരപുരം | |

| | | | |
|---|---|---|---|
| വഞ്ചിശ്ശേരിൽ, ആദിനാട് | | സർവ്വീസ് സഹകരണ ബാങ്ക് | |
| തങ്കച്ചി , തെന്നാട്ടുതറ, കടത്തൂർ | 15000 | ധനലക്ഷ്മി ബാങ്ക് ,തഴവ | |
| ലൈലാബീവി, ചെറുനല്ലൂർ,പ്രയാർ തെക്ക് | 15000 | എസ് ബി റ്റി , ക്ലാപ്പന | |
| ബേബി,പുത്തൻ മണ്ണേൽ , അഴീക്കൽ | 15000 | കോർപ്പറേഷൻ ബാങ്ക്,ആലപ്പാട് | |
| രാധാമണി, കൊച്ചപ്പൈക്കാട്ട് , ആദിനാട് | 15000 | സിറിയൻ കാത്തലിക്ക് ബാങ്ക്, കുലശേഖരപുരം | 15/16 -17 31.03.17 |
| ബീനാകുമാരി, അബിൻ നിവാസ്, കൊറ്റംമ്പള്ളി | 15000 | കാനറ ബാങ്ക്, ഓച്ചിറ | |
| രാധ,രാജ് ഭവനം, ക്ലാപ്പന | 15000 | ജില്ലാ സഹകരണ ബാങ്ക്, കൊല്ലം | |
| ഷൈലജ,ഷഫീക്ക് മൻസിൽ,തൊടിയൂർ വടക്ക് | 15000 | കാനറ ബാങ്ക്, തഴവ | |

| | | | |
|---|---|---|---|
| വിജയകുമാരി അമ്മ , പത്മാലയം ,പുന്നക്കുളം | 15000 | ജില്ലാ സഹകരണ ബാങ്ക്,കൊല്ലം | |
| രാധ,മംഗലത്ത് ,ആലപ്പാട് | 15000 | കോർപ്പറേഷൻ ബാങ്ക്,ആലപ്പാട് | |
| ലൈല, ഐക്കര തെക്കതിൽ ,കുലശേഖരപുരം | 15000 | ഇൻഡ്യൻ ബാങ്ക്,വവ്വാക്കാവ് | 04/16-17 31.03.17 |
| രാധാമണി കെ പി,വൈശാലി,പാവുമ്പ തെക്ക് | 15000 | കോർപ്പറേഷൻ ബാങ്ക്,പവുമ്പ | 11/16 –17 31.03.17 |
| സീനത്ത് , മാമൂട്ടിൽ,തൊടിയൂർ | 15000 | ഫെഡറൽ ബാങ്ക്, തൊടിയൂർ | 12/16–17 31.03.17 |
| പാത്തുമ്മാക്കുഞ്ഞ്, മഠത്തിൽ , നീലികുളം,വവ്വാക്കാവ് | 15000 | ഇൻഡ്യൻ ബാങ്ക്, വവ്വാക്കാവ് | 09/16–17 31.03.17 |
| പുഷ്പലത, വലിയവിളയിൽ,പാവുമ്പ തെക്ക് | 15000 | കാനറ ബാങ്ക്, തഴവ | |
| വാവമ്മ, രജനീഷ് ഭവനം,ക്ലാപ്പന | 15000 | ക്ലാപ്പന സർവ്വീസ് സഹകരണ ബാങ്ക് | |
| ആകെ | 2,55,000/- | | |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. ബാങ്ക് ലോൺ അനുവദിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല

2. പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല .

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം 08/30.10.2017) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,55,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 <u>സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ</u>

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം ഓഡിറ്റ് വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് .

| പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | തുക ഒടുക്കു വരുത്തിയ സ്ഥാപനം |
|---|---|---|
| സുനാമി കോളനികളിൽ കുടിവെള്ള സൗകര്യം (46/17 ) | 8,00,000/- (ബിൽ നം. 32/16-17 27.03.17) | കേരള വാട്ടർ അതോറിറ്റി |
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ എസ് സി കോളനികളിലേക്ക് കുടിവെള്ളം (47/17) | 33,44,000/- ബിൽ നം. 10/16-17 27.10.16 | കേരള വാട്ടർ അതോറിറ്റി |
| ഓച്ചിറ സി എച്ച് സിലേക്ക് ജനറേറ്റർ വാങ്ങലും ഇലക്ട്രിഫിക്കേഷനും 71/17 | 6,15,000/- ബിൽ നം 20/16-17 29.02.17 | കേരള പൊതുമരാമത്ത് വകുപ്പ് |

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ

കാണുന്നു .

1. ജി .ഒ (പി) നം 311/14/ഫിൻ /തീയതി 30.07.2014 പ്രകാരം അനുവദിക്കാവുന്ന പരമാവധി സെന്റേജ് ചാർജ് എസ്റ്റിമേറ്റ് തുകയുടെ 8% ആണ്. എന്നാൽ മേൽ പ്രവർത്തികൾക്കെല്ലാം 12% നിരക്കിലാണ് സെന്റേജ് ചാർജ് നൽകിയിരിക്കുന്നത്.

2. പ്രവർത്തികൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12 / 30.10.2017 )സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാമെന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ഉടൻ ഹാജരാക്കാമെന്നുമുള്ള മറുപടിയാണ് ലഭിച്ചത്.

| | | |
|---|---|---|
| സുനാമി കോളനികളിൽ കുടിവെള്ള സൗകര്യം (46/17 ) | 8,00,000/- (ബിൽ നം. 32/16-17 27.03.17) | കേരള വാട്ടർ അതോറിറ്റി |

## 3-7 <u>മരുന്ന് ലഭ്യമാക്കിയില്ല-**1,52,480/-** രൂപ തടസ്സപ്പെട്ടുത്തുന്നു</u>

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്നു വാങ്ങൽ പ്രോജക്ടിൽ 2,00,000/-തുക മുൻകൂറായി പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

2016-17 വർഷം നടപ്പാക്കിയ ആലപ്പാട് പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽ (പ്രോജക്ട്നം.62/17) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബിൽ നം 2/16-17/31.1.17 പ്രകാരം 2,00,000/-രൂപ പിൻവലിച്ച് ഡി.ഡി.നം. 665272/4.2.17 പ്രകാരം മുൻകൂറായി നല്കിയെങ്കിലും 1,52,480/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. 47,520/-

രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കാനുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.5, 30.10.2017ന് മറുപടി ലഭ്യമല്ല. ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 എൻ.ആർ.ഇ.ജി.എസ്സ് - മരാമത്ത് പ്രവൃത്തികൾ-നികുതി ഈടാക്കിയതിൽ കുറവ്

2016-17 വർഷം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടും, എൻ. ആർ.ജി.എസ് ഫണ്ടും സംയോജിപ്പിച്ച് ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 3 ഗ്രാമപഞ്ചായത്തുകളിലായി 5 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്യുകയും ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ട് പ്രവൃത്തി ചെയ്യിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രസ്തുതപ്രവൃത്തികൾ ടെൻഡർ ചെയ്തപ്പോൾ അംഗീകൃത കരാറുകാരാണ് ടെൻഡർ ഏറ്റെടുത്തിട്ടുള്ളത്. ഇവർക്ക് കരാറുകാരുടെ വാറ്റ് രജിസ്ട്രേഷൻ മാത്രമാണുള്ളത്. മെറ്റീരിയൽസ് വിതരണം ചെയ്യേണ്ടത് വിതരണവാറ്റ് രജിസ്ട്രേഷൻ ഉള്ള അംഗീകൃതവിതരണക്കാരാണ്. ഈ പ്രവൃത്തികളിൽ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്തവരിൽ നിന്ന് കരാറുകാരിൽ നിന്ന് ഈടാക്കുന്ന 4% വാറ്റ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിതരണക്കാർ വാങ്ങിയ സാധനങ്ങളുടെ ബില്ല് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2003-ലെ കേരള മൂല്യവർദ്ധിത നിയമം സെക്ഷൻ 10(2),2(A)(1)(2) പ്രകാരം സ്രോതസ്സിൽ

നിന്നും ഓരോ നിർമ്മാണ സാമഗ്രിക്കും വാറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. പ്രസ്തുത 5 പ്രവൃത്തികളിലും വിതരണം ചെയ്ത നിർമ്മാണ സാമഗ്രികളിൽ ക്വാറിവേസ്റ്റ് , മെറ്റൽ എന്നിവ ഒഴികെയുള്ള എം സാൻഡ്, സിമന്റ് എന്നിവയ്ക്ക് 14.5% , ക്വാറിവേസ്റ്റ്, മെറ്റൽ എന്നിവയ്ക്ക് 5% എന്ന നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ നിരക്കിൽ നികുതി കണക്കാക്കുമ്പോൾ താഴെ പറയുന്ന പ്രവൃത്തികളുടെ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ട് വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | പൂവന്റയ്യത്ത് റോഡ് കോൺക്രീറ്റിംഗ് | |
|---|---|---|
| | പ്രോജ നം. | 95/16-17 |
| | പദ്ധതി അടങ്കൽ | 350000 |
| | എഗ്രി. നം-തീയതി | 3/16-17 തീയതി 22.03.2017 |
| | ബിൽ നം -തീയതി | 43/16-17 തീയതി 31.03.2017 |
| | കരാറുകാരൻ- | |

ഈ പ്രവൃത്തിയിൽ വിതരണം ചെയ്ത നിർമ്മാണ സാമഗ്രികളുടെ വിശദാംശം .

| | അളവ് | അനുവദിച്ച് നല്കിയ തുക | ഈടാക്കിയ നികുതി |
|---|---|---|---|
| ക്വാറിവേസ്റ്റ് | 54m3 | 50490 | 2524.5 |
| മെറ്റൽ 40mm | 23.4m3 | 36270 | 1813.5 |
| മെറ്റൽ 20 mm | 20.7m3 | 35190 | 1759.5 |
| മെറ്റൽ 10m3 | 3.96m3 | 6930 | 346.5 |
| എം സാൻഡ് | 24.93m3 | 46245.15 | 6705.5 |
| സിമന്റ് | 237 bag | 104280 | 15120.6 |

| | |
|---|---|
| മെറ്റീരിയൽസിന്റെ ആകെ നികുതി | 28269.6 |
| ഈടാക്കിയ നികുതി | 11164 |
| കുറവ് | 17105.6 |

| | | |
|---|---|---|
| 2 | കോലടുത്ത് തറ നടപ്പാത കോൺക്രീറ്റിംഗ് | |
| | പ്രോജക്ട് നം . | 93/17 |
| | പദ്ധതി അടങ്കൽ | 450,000/- |
| | എഗ്രി നം.തീയതി | 1/16-17 dt 20.03.2017 |
| | ബിൽ നം .തീയതി | 44/16-17dt 31.03.2017 |
| | കരാറുകാരൻ | - |

| ക്വാറിവേസ്റ്റ് | അളവ് | അനുവദിച്ച് നല്കിയ തുക | ഈടാക്കിയ നികുതി |
|---|---|---|---|
| | 55.65m3 | 52,032.75 | 2,601.6 |
| മെറ്റൽ 40 mm | 24.115m3 | 37,378.75 | 1,868.9 |
| മെറ്റൽ 20mm | 21.3325 m3 | 36,265.25 | 1,813.2 |
| മെറ്റൽ 10mm | 4.081m3 | 7,141.75 | 357 |
| എം സാൻഡ് | 25.691m3 | 47,658.2 | 6,910.41 |
| സിമെന്റ് | 244 bag | 1,07,360 | 15,567.2 |
| മെറ്റീരിയൽസിന്റെ ആകെ നികുതി | | | 29,118.31 |
| ഈടാക്കിയ നികുതി | | | 11,513 |
| കുറവ് | | | 17,605 |

| പറത്തോട്-ചാലാശ്ശേരി റോഡ് കോൺക്രീറ്റിംഗ് | |
|---|---|
| പ്രോജക്ട് നം. | 96/17 |
| പദ്ധതി അടങ്കൽ | 1,96,000 |
| എഗ്രി നം.തീയതി | 4/16-17 dt 22.03.2017 |
| ബിൽ നം .തീയതി | 45/16-17 dt 31.03.2017 |
| കരാറുകാരൻ | പ്രവീൺ കുമാർ |

ഈ പ്രവൃത്തിയിൽ വിതരണം ചെയ്ത നിർമ്മാണ സാമഗ്രികളുടെ വിശദാംശം

| | അളവ് | അനുവദിച്ച് നല്കിയ തുക | ഈടാക്കേണ്ട നികുതി |
|---|---|---|---|
| മെറ്റൽ 40 mm | 15.288m3 | 23,696.4 | 1184.82 |
| മെറ്റൽ 20mm | 13.524m3 | 22,990.8/- | 1149.54 |
| മെറ്റൽ 10mm | 2.587 | 4,527.6/- | 226.38 |
| എം സാൻഡ് | 16.287 | 30,213.5 | 4380.95 |
| സിമെന്റ് | 155bag | 68,200 | 9,889 |
| മെറ്റീരിയൽസിന്റെ ഈടാക്കേണ്ട നികുതി | | | 16,830.69 |

| | |
|---|---|
| ഈടാക്കിയ നികുതി | 5,979 |
| കുറവ് | 10,851.69 |
| | 10,852 |

| | | |
|---|---|---|
| 4 | വയനകം ജം -കാട്ടൂർകളീക്കൽ ജം നടപ്പാത കോൺക്രീറ്റിംഗ് | |
| | പ്രോജക്ട് നം . | 94/17 |
| | പദ്ധതി അടങ്കൽ | 4,98,185 |
| | എഗ്രി നം.തീയതി | 2/16-17<br>dt. 20.03.2017 |
| | ബിൽ നം .തീയതി | 46/16-17<br>dt. 31.03.2017 |
| | കരാറുകാരൻ | ബൈജു രാജേഷ് |

ഈ പ്രവൃത്തിയിൽ വിതരണം ചെയ്ത നിർമ്മാണ സാമഗ്രികളുടെ വിശദാംശം

| | അളവ് | അനുവദിച്ച നൽകിയ തുക | ഈടാക്കിയ നികുതി |
|---|---|---|---|
| ക്വാറിവേസ്റ്റ് | 76.5 m3 | 71,527 | 3,576.37 |
| മെറ്റൽ 40mm | 33.15m3 | 51,382.5 | 2,569.12 |
| മെറ്റൽ 20mm | 29.325m3 | 49,852.5 | 2,492.62 |
| മെറ്റൽ 10mm | 5.61m3 | 9,817.5 | 490.87 |
| എം സാൻഡ് | 35.317 | 65,513.96 | 9,499.52 |
| സിമെന്റ് | 336 bag | 1,47,840 | 21,436.8 |
| മെറ്റീരിയൽസിന്റെ നികുതി | | | 40,065.3 |

| | |
|---|---|
| ഈടാക്കിയ നികുതി | 15,837 |
| കുറവ് | 24,228 |

| | | |
|---|---|---|
| 5 | കുരിശാല പുരയിടം മുതൽ വെള്ളനാതുരുത്ത് വരെ റോഡ് കോൺക്രീറ്റിംഗ് | |
| | പ്രോജക്ട് നം. | 91/17 |
| | പദ്ധതി അടങ്കൽ | 3,60,661 |
| | എഗ്രി നം-തീ | 5/16-17 -20/3/17 |
| | ബിൽ നം.തീയതി | 42/16-17 dt. 31.03.2017 |
| | കരാറുകാരൻ | പ്രഹ്ളാദൻ |

ഈ പ്രവൃത്തിയിൽ വിതരണം ചെയ്ത നിർമ്മാണ സാമഗ്രികളുടെ വിശദാംശം.

| ക്വാറിവേസ്റ്റ് | അളവ് | അനുവദിച്ച നൽകിയ തുക | ഈടാക്കിയ നികുതി |
|---|---|---|---|
| | 41.85 m3 | 39,129.75 | 1956 .45 |
| മെറ്റൽ40mm | 18.14m3 | 28,110.26 | 1,405.51 |
| മെറ്റൽ 20mm | 16.043m3 | 27,273.80 | 1,363.69 |
| മെറ്റൽ 10mm | 3.0692m3 | 5,371.14 | 268.55 |
| എം സാൻഡ് | 19.3217m3 | 35,841.69 | 5,197 |
| സിമെന്റ് | 184 bag | 80,960 | 11,739.20 |
| മെറ്റീരിയൽസിന്റെ ആകെ നികുതി | | | 21,930.4 |
| ഈടാക്കിയ നികുതി | | | 8,667.46 |

| | | | |
|---|---|---|---|
| കുറവ് | | | 13,263 |

മേൽ പ്രവൃത്തികളിൽനിന്നുമായി നികുതിയിനത്തിൽ 83,053/- രൂപയുടെ നഷ്ടം ഉണ്ട്. ടി നഷ്ടം കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

**3-9** വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുകകൾ വിനിയോഗിക്കാതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം**2,08,01,254/-** രൂപ നഷ്ടപ്പെട്ടു.

സാമൂഹികനീതിയും സാമ്പത്തിക വികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്ക് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭിച്ച വരവ് | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 32406588 | 15577781 | 16828807 | 48% |
| വി.ഫണ്ട്- | 10221177 | 7345854 | 2875323 | 72 % |

| | | | | |
|---|---|---|---|---|
| SCP | | | | |
| വി. ഫണ്ട്-TSP | 121020 | 0 | 0 | 0 |
| മെയി.ഗ്രാന്റ്-നോൺ റോഡ് | 5042334 | 4066230 | 976104 | 81% |
| ആകെ | 47791119 | 26989865 | 20801254 | 56% |

തൻവർഷം 86 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 42 എണ്ണം മാത്രമാണ് . പൂർണ്ണമായും നടപ്പിലാക്കിയത്. തൻവർഷം 4,77,91,119/-രൂപ വരവ് വന്നതിൽ 2,69,89,865/- രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത് (56%) . തൻവർഷം ചെലവഴിക്കാത്തതു മൂലം 2,08,01,254/- രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി.

ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായിവിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ച് നൽകുന്ന ഫണ്ടുകൾ ധനവിനിയോഗ മാർഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിച്ച് ചെലവഴിക്കുവാനും ഉദ്യോഗസ്ഥരും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 2016-2017 | 100000 | സുനാമി കോളനി കുടിവെള്ള സൗകര്യം | 0 | 100000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമ പഞ്ചായത്തു കളിലെ എസ്. സി കോളനി കളിലേക്ക് കുടിവെള്ളം | | 3344000 | 3344000 | പ്രവൃത്തി പൂർത്തി കരിച്ചു |
| കേരള വാട്ടർ അതോറിറ്റി | സുനാമി കോളനി കളിൽ കുടിവെള്ള സൗകര്യം | | 800000 | 0 | 800000 |
| പി.ഡബ്ളിയു. ഡി. | ഓച്ചിറ സി .എച്ച് സി.യിലേക്ക് ജനറേറ്റർ വാങ്ങലും | | 615000 | 0 | 615000 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിക്കൽ ഡിവിഷൻ , തിരുവനന്തപുരം | ഇലക്ട്രിഫിക്കേഷനം | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 1,54,63,832/-രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (പലിശ) | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭവന നിർമ്മാണം ഐ എ വൈ | ജി .ഒ (എം എസ് ) 90/ബി/എൽ എസ് ജി ഡി/തീ 14.03.2013 | 1,54,63,832 | 1,54,63,832 | 87,493 | 1,54,63,832 |

(മേൽ കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്ത പ്പെടുന്നില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കുകൾ വച്ചാണ് മേൽ ഖണ്ഡിക തയ്യാറാക്കിയിട്ടുള്ളത്.)

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-1 | 2006-2007 | 3-12-1 | എഫ് .റ്റി .എസ് സൂപ്പർആന്വേഷന ശേഷം സർവ്വീസിൽ തുടരുന്നു. | |
| 2012-2013 & 2013-2-14 | 3(9) | 2014-2015 | 4-1-13 | നിഷ്ക്രിയ ആസ്തി മെതിയന്ത്രം ഉപയോഗശൂന്യം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,36,39,688 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,36,70,136 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,28,300 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,10,780 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2.1 | 45000 | | ആർ. അജയകുമാർ , സെക്രട്ടറി |
| 3.1 | | 13500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,36,39,688 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,36,70,136 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,28,300 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,10,780 |

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 15,00,000 | എസ് കൃഷ്ണകുമാർ , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3.4 | 20,00,000 | എസ്.കൃഷ്ണകുമാർ , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3.5 | 2,55,000 | എസ് .കൃഷ്ണകുമാർ , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3.7 | 1,52,480 | ഡോ. പ്രദീപ്കുമാർ , മെഡിക്കൽ ഓഫീസർ , സി. എച്ച് .സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ. 3.8 – 83,053/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ അജയകുമാർ , സെക്രട്ടറി | ആർ അജയകുമാർ , സെക്രട്ടറി ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | ലക്ഷമി ഭവൻ വടക്കുംതല |

| | | |
|---|---|---|
| | | പി ഒ<br>കരുനാഗപ്പള്ളി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996<br>1996-1997<br>1997-1998 | എൽ.എഫ്.ക്യൂ.ഡി.ബി-1522(12)/2014,<br>തീയതി 30.06.2014 |
| 1998-1999 | എൽ.എഫ്.ക്യൂ.ഡി.ബി-1522(11)/2014,<br>തീയതി 30.06.2014 |
| 2000-2001 | എൽ.എഫ്.ക്യൂ.ഡി.ബി-1522(10)/2014,<br>തീയതി 05.07.2014 |
| 2002-2003 | എൽ.എഫ്.ക്യൂ.ഡി.ബി-1522(9)/2014,<br>തീയതി 05.07.2014 |
| 2005-2006 | എൽ.എഫ്.ക്യൂ.ഡി.ബി-1522(6)/2014,<br>തീയതി 05.07.2014 |
| 2006-2007 | എൽ.എഫ്.ക്യൂ.ഡി.ബി-1522(5)/2014,<br>തീയതി 05.07.2014 |
| 2007-2008 | എൽ.എഫ്.ക്യൂ.ഡി.ബി-1522(4)/2014,<br>തീയതി 05.07.2014 |

| | |
|---|---|
| 2008-2009 | എൽ.എഫ്.ക്യൂ.ഡി.ബി-1522(3)/2014,<br>തീയതി 30.06.2014 |
| 2009-2010 | എൽ.എഫ്.ക്യൂ.ഡി.ബി-1522(2)/2014,<br>തീയതി 30.06.2014 |
| 2010-2011 | എൽ.എഫ്.ക്യൂ.ഡി.ബി-1522(1)/2014,<br>തീയതി 30.06.2014 |
| 2011-2012 | എൽ.എഫ്.ക്യൂ.ഡി.ബി-947/2014,<br>തീയതി 03.07.2014 |
| 2012-2013 &<br>2013-2014 | എൽ.എഫ്.ക്യൂ.ഡി.ബി-2377/14<br>തീയതി 23.05.2015 |
| 2014-2015<br>&2015-2016 | കെ.എസ്.എ.കെ.എൽ.എം - ഡി.ബി -<br>518/17തീയതി 28.03.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.8-1976/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി :17.11.2017

### സാക്ഷ്യപത്രം 2016-17

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഓച്ചിറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓച്ചിറ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12 ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.


സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം